(ഡി) വഴിയോര കേന്ദ്രങ്ങൾ സ്ഥാപിക്കാൻ താൽപര്യമുള്ളവരിൽ നിന്നും എത്ര അപേക്ഷ ലഭിക്കുകയുണ്ടായി; എത്ര പേരെ സെലക്ട് ചെയ്തു; എത്ര വഴിയോര കേന്ദ്രങ്ങൾ സ്ഥാപിച്ചു; അതുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചു;

(ഇ) അപേക്ഷകരിൽനിന്നും അർഹരായിട്ടുള്ളവരെ സെലക്ട് ചെയ്ത മാനദണ്ഡം വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്.

(ബി) ആദ്യഘട്ടമായി 121 സ്വകാര്യ സംരംഭകരെ വഴിയോരം പദ്ധതിക്കായി വകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) വഴിയോരപദ്ധതിയിലൂടെ 250 യൂണിറ്റുകളാണ് ആരംഭിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നത്. ഓരോ യൂണിറ്റിലും 5 പേർക്കെങ്കിലും നിർബന്ധമായും തൊഴിൽ നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓരോ യൂണിറ്റിലും 20 പേർക്കെങ്കിലും ജോലി ലഭിക്കുമെന്ന് വകുപ്പ് കരുതുന്നു. ആയതിനാൽ ഇതുവഴി ഏകദേശം 5000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. സ്വാകാര്യസംരംഭകർ തന്നെയാണ് വഴിയോര യൂണിറ്റുകളിലെ നിയമനങ്ങൾ നടത്തേണ്ടത് എന്നതിനാൽ സർക്കാർ തലത്തിൽ തൊഴിൽ നൽകേണ്ടതിന്റെ പ്രശ്നം ഉദിക്കുന്നില്ല. ഇത്തരത്തിലൊരു പ്രഖ്യാപനവും ഉണ്ടായിട്ടില്ല.

(ഡി) 545 അപേക്ഷകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ വകുപ്പിന് ലഭിച്ചു. ഇതിൽ 121 സംരഭകരെ ആദ്യഘട്ടമായി വകുപ്പ് തെരഞ്ഞെടുത്തു. വഴിയോര കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ സംരഭകർ എടുത്തുവരുന്നതേയുള്ളൂ. കേന്ദ്രങ്ങൾ സ്ഥാപിച്ചു കഴിയുമ്പോൾ മാത്രമേ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഇ) മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ടൂറിസം വകുപ്പ് നിർമ്മിച്ച പരസ്യ ചിത്രങ്ങൾ

4(*207) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. കെ. ദേവകുമാർ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

(എ) വിനോദസഞ്ചാരത്തിന്റെ പേരിൽ ടൂറിസം വകുപ്പ് സിനിമകളും പരസ്യ ചിത്രങ്ങളും നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം നിർമ്മിച്ചിട്ടുള്ളവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇവയ്ക്കെല്ലാം കൂടി നികുതി ഉൾപ്പെടെ മൊത്തം എത്ര ലക്ഷം രൂപ ഖജനാവിൽനിന്നും ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സിനിമകളും പരസ്യചിത്രവും ഇതിനകം ഏതെല്ലാം രാജ്യങ്ങളിൽ എത്ര തവണ പ്രദർശിപ്പിക്കുകയുണ്ടായി;

(ഡി) സിനിമ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ടവരെ കണ്ടെത്തിയ മാനദണ്ഡം എന്തായിരുന്നു; ആരുടെ മേൽനോട്ടത്തിലാണ് സിനിമയും പരസ്യചിത്രവും നിർമ്മിച്ചത്; ഏതെല്ലാം ഇനങ്ങളിലാണ് മൊത്തം തുക ചെലവഴിക്കപ്പെട്ടത് എന്ന് വെളിപ്പെടുത്തുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) വിനോദസഞ്ചാരവികസനവുമായി ബന്ധപ്പെട്ട് നാളിതുവരെ ടൂറിസം വകുപ്പ് താഴെപ്പറയുന്ന പരസ്യചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സിനിമകൾ നിർമ്മിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

പരസ്യചിത്രങ്ങൾ

1. വാട്ടർ കളേഴ്സ് ബൈ ഗോഡ് + 5 പ്രോഡക്ട് ഫിലിംസ്
2. ലൈഫ് ഇൻ ഗോഡ്സ് ഓൺ കൺട്രി + 6 പ്രോഡക്ട് ഫിലിംസ്

അവയർനസ് ഫിലിം

1. പുഞ്ചിരിയുടെ ദേവസ്പർശം
2. ആത്മാഭിമാനത്തിന്റെ ദേവസ്പർശം
3. തിരിച്ചറിവിന്റെ ദേവസ്പർശം
4. പുനർജനിയുടെ ദേവസ്പർശം
5. ദി ഗൈഡ്

വാട്ടർ കളേഴ്സ് ബൈ ഗോഡ്, ലൈഫ് ഇൻ ഗോഡ്സ് ഓൺ കൺട്രി എന്നീ ഫിലിമുകൾ പ്രസിദ്ധ ഛായാഗ്രഹകനായ ശ്രീ. സന്തോഷ് ശിവനാണ് നിർമ്മിച്ചത്. അവയർനസ് ഫിലിം ശ്രീ. ഐസക് തോമസ് കോട്ടുകാപ്പള്ളിയും ദി ഗൈഡ് എന്ന ലഘുചിത്രം ശ്രീ. വേണുനായരുമാണ് നിർമ്മിച്ചത്.

(ബി) ഇവയ്ക്കെല്ലാംകൂടി നികുതി ഉൾപ്പെടെ 2,19,78,166 രൂപ ചെലവായിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ അവയർനസ് ചിത്രങ്ങൾ ഒഴികെ ഉള്ളവ ഇതിനകം താഴെപ്പ റയുന്ന രാജ്യങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

- സ്പെയിൻ
- ഇറ്റലി
- ദുബായ്
- ജർമ്മനി
- ബാങ്കോക്
- ചൈന
- ലണ്ടൻ
- ഓസ്ട്രേലിയ
- ഇന്തോനേഷ്യ
- റഷ്യ
- തായ്വാൻ
- ശ്രീലങ്ക
- ഫ്രാൻസ്

മേൽപ്പറഞ്ഞ രാജ്യങ്ങളിലെല്ലാം നടന്ന റോഡ് ഷോകളിലും, ടൂറിസം മേള കളിലുമാണ് പരസ്യചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളത്. ശ്രീലങ്ക, തായ്വാൻ, ഫ്രാൻസ്, ഇന്തോനേഷ്യ, ഓസ്ട്രേലിയ, ബാങ്കോക്, ഇറ്റലി എന്നീ രാജ്യങ്ങളിൽ ഓരോ തവണ ഈ പരസ്യചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്. മറ്റ് രാജ്യങ്ങളിലെല്ലാം രണ്ടിലധികം തവണ ഈ പരസ്യചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമേ ടൂറിസം വകുപ്പ് ഇപ്പോൾ ബി.ബി.സി., സ്റ്റാർ പ്ലസ്, സി.എൻ.ബി.സി., എൻ.ഡി.റ്റി.വി., നാഷണൽ ജോഗ്രഫിക് ചാനൽ, എമിറേറ്റ്സ് ടി.വി., സി.എൻ.എൻ., ഡിസ്കവറി മുതലായ ചാനലുകളിൽ കേരളാ ടൂറിസത്തെക്കുറിച്ച് പരസ്യം നൽകുന്നുണ്ട്. അതുവഴി കേരളാ ടൂറിസം നിർമ്മിച്ച പരസ്യചിത്രങ്ങൾ ലോകമെമ്പാടും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഈ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ചവരെയാണ് പരസ്യചിത്രങ്ങളുടെ നിർമ്മാണച്ചുമതല എൽപ്പിച്ചിട്ടുള്ളത്. കേരളാ ടൂറിസം നിർമ്മിച്ച ആദ്യ രണ്ട് പരസ്യചിത്രങ്ങളും നിർമ്മിച്ചിരിക്കുന്നത് അന്താരാഷ്ട്രതലത്തിൽത്തന്നെ പ്രസിദ്ധ നായ ഛായാഗ്രാഹകൻ സന്തോഷ്ശിവൻ ആണ്. വകുപ്പിന്റെ പരസ്യ പ്രചരണ ത്തിനായി സർക്കാർ തെരഞ്ഞെടുത്ത സ്റ്റാർക് കമ്മ്യൂണിക്കേഷൻസ് എന്ന ഏജൻസി യെയാണ് വകുപ്പിന് വേണ്ടി പരസ്യചിത്രം നിർമ്മിക്കുന്നതിനുള്ള ചുമതല എൽപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരുന്നത്. പരസ്യചിത്രങ്ങൾ നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന ഇനങ്ങളിലാണ് തുക ചെലവഴിക്കപ്പെട്ടത്.

- പരസ്യചിത്രം എടുത്ത സംവിധായകനും ക്യാമറാമാനും ഉള്ള പ്രതിഫലം,
- പരസ്യചിത്രത്തിൽ അഭിനയിച്ച കലാകാരൻമാർക്കുള്ള പ്രതിഫലം,
- ഉപകരണങ്ങളുടെ വാടക,
- കലാകാരൻമാരുടേയും മറ്റ് സംഘാങ്ങളുടേയും താമസം, ഭക്ഷണം മുതലായ ചെലവുകൾ,
- പരസ്യചിത്രത്തിന്റെ നിർമ്മാണച്ചുമതല നിർവ്വഹിച്ച ഏജൻസിക്കുള്ള പ്രതിഫലം,
- അവയർനസ് ഫിലിം തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള ചെലവ്.

ഇതുകൂടാതെ ടൂറിസം വകുപ്പ് സ്റ്റാർപ്ലസ് എന്ന ചാനലിൽ 82,65,000 രൂപ നൽകി പരസ്യം നൽകിയിരുന്നു. ഇതിനുവേണ്ടി സ്റ്റാർപ്ലസ്ചാനൽ സ്മൃതി ഇറാനി, മോനാവാസ്യ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരസ്യചിത്രം നിർമ്മിക്കുകയും സ്റ്റാർപ്ലസ് ചാനലിൽ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി പരസ്യക്കൂലി അല്ലാതെ ചാനലിന് പ്രത്യേകിച്ച് തുകയൊന്നും നൽകിയിട്ടില്ല.

ഫാം ടൂറിസം

5(*208) ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. ഷിബു ബേബി ജോൺ:

ശ്രീ. എ. എൻ. രാജൻബാബു:

ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫാം ടൂറിസം രംഗത്ത് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ, ബി) ഫാമുകളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ഒരു നൂതന ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly